DWCD/603/2023-WEC3

I/91177/2023

വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ. ശ്രീമതി പ്രിയങ്ക ജി I A S )

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഡബ്ല്യു ഈ സി–സാന്ത്വനം പദ്ധതി പ്രകാരമുള്ള - പരിശീലന പരിപാടിയിലേക്ക് - സ്കൂൾ കൗൺസിലർമാരെ നിയോഗിക്കുന്നത് - ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് - ചുമതല നൽകി- ഉത്തരവാകുന്നു

പരാമർശം: 1. സ.ഉ(സാധാ)നം159/2023/WCDD തീയതി 24.03.2023

**ഉത്തരവ് നം. DWCD/603/2023-WEC3 തീയതി: 12-04-2023**

രക്ഷിതാക്കളുടെ ഇടയിലുണ്ടാകുന്ന അസ്വാരസ്യങ്ങൾ കുട്ടികളിലുണ്ടാക്കുന്ന മാനസിക സംഘർഷങ്ങൾ മനസ്സിലാക്കി, അവരോടൊപ്പം നിന്ന് അവർക്കാവശ്യമായ മാനസ്സിക പിന്തുണ നൽകി അവർക്ക് കരുത്ത് പകരുവാൻ സംസ്ഥാനത്തെ 1012 സർക്കാർ സ്കൂളുകളിൽ വനിതാ ശിശു വികസന വകുപ്പ് മുഖാന്തിരം നിയമിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാരെ വിദഗദ്ധ കൗൺസിലിംഗ് നൽകി പ്രാപ്തരാക്കുന്നതിലേക്കുള്ള പരിശീലന പദ്ധതിയായ സാന്ത്വനം പദ്ധതി പരിശീലന പരിപാടി 2023 ഏപ്രിൽ 17 മുതൽ 2023 മേയ് 17 വരെ തിരുവനന്തപുരത്ത് കോവളം അനിമേഷൻ സെന്ററിലും , റെനീവൽ സെന്റർ, കലൂർ കൊച്ചിയിലുമായി സെന്റർഫോർ മാനേജ്മെന്റ് (സി.എം.ഡി ) എന്ന സ്ഥാപനം മുഖേന നടത്തുന്നു. 2023 മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനാഘോഷ പരിപാടിയിൽ വച്ച് ബഹു കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ച ടി പദ്ധതി ബഹു മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ടി പരിശീലനപരിപാടിയിൽ ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ പരിധിയിൽ വരുന്ന സ്കൂൾ കൗൺസിലർമാരെ അനുബന്ധം (എ ) യും (ബി) യുമായി ചേർത്തിട്ടുള്ള പട്ടികകൾ പ്രകാരം പരിശീലനത്തിന് നിയോഗിക്കുന്നതിന് ജില്ലാ വനിത ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

പരിശീലന പരിപാടിയിലേക്ക് അനുബന്ധമായി ചേർത്തിരിക്കുന്ന ഷെഡ്യൂൾ പ്രകാരം സ്കൂൾ കൗൺസിലർമാരെ ജില്ലാ വനിത ശിശു വികസന ഓഫീസർമാർ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും , പ്രസ്തുത ഉത്തരവിന്റെ പകർപ്പ് wcdwec@gmail.com, cmd@kerala.gov.in എന്നീ ഈ മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

**മാർഗ്ഗ നിർദ്ദേശങ്ങൾ**

1. തിരുവനന്തപുരം ജില്ലയിൽ കോവളം അനിമേഷൻ സെന്ററിൽ വച്ച് നടക്കുന്ന പരിപാടികളുടെ ഏകോപന ചുമതല തിരുവനന്തപുരം ജില്ലാ വനിത ശിശു വികസന ഓഫീസർക്കും എറണാകുളം ജില്ലയിലെ ഏകോപന ചുമതല എറണാകുളം ജില്ലാ വനിത ശിശു വികസന ഓഫീസർക്കുമായിരിക്കുന്നതാണ്.
2. 2023 ഏപ്രിൽ 17 മുതൽ 2023 മേയ് 17 വരെ മൂന്ന് ദിവസം വീതം 14 ബാച്ചുകൾക്കായി തിരുവനന്തപുരം ജില്ലയിലെ കോവളം അനിമേഷൻ സെന്ററിലും എറണാകുളം ജില്ലയിലെ കലൂർ റെനിവൽ സെന്ററിലുമായി നടത്തുന്ന റസിഡൻഷ്യൽ പരിശീലന പരിപാടിയിൽ അനുബന്ധം എ,ബി പട്ടികകൾ പ്രകാരം നിശ്ചയിച്ച തീയതികളിൽ സ്കൂൾ കൗൺസിലർമാർ പങ്കെടുത്തിട്ടുണ്ടെന്ന് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്.
3. പരിശീലനത്തിനായി നിയോഗിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാർ പരിശീലനം ആരംഭിക്കുന്ന

ദിവസം രാവിലെ കൃത്യം 9 മണിക്ക് തന്നെ പരിശീലന കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്ത് ഹാജർ രേഖപ്പെടുത്തേണ്ടതാണ്.

4. മൂന്ന ദിവസത്തെ പരിശീലന കാലയളവിൽ പരിശീലന കേന്ദ്രം വിട്ടു പോകാൻ പാടില്ലാത്തതാകുന്നു.
5. പരിശീലനം അവസാനിക്കുന്ന ദിവസം വൈകിട്ട് 5 മണിക്ക് ശേഷം മാത്രമേ പരിശീലനാർത്ഥിക്ക് പരിശീലന കേന്ദ്രം വിട്ടുപോകാനുള്ള അനുമതിയുണ്ടായിരിക്കുകയുള്ളൂ അതിനനുസിച്ച് മാത്രമേ മടക്ക യാത്ര ക്രമീകരിക്കുവാൻ പാടുള്ളൂ.
6. പരിശീലനാർത്ഥികൾ എല്ലാം തന്നെ മേൽ പറഞ്ഞ സമയനിഷ്ഠ കൃത്യമായി പാലിക്കണമെന്ന നിർദ്ദേശം ജില്ലാ വനിത ശിശു വികസന ഓഫീസർ നൽകേണ്ടതാണ്.
7. പരിശീലനത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള കൗൺസിലർമാർക്ക് താമസ സൗകര്യവും ഭക്ഷണവും സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (സി.എം.ഡി ) ക്രമീകരിക്കുന്നതാണ്.
8. കോവളം അനിമേഷൻ സെന്ററുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും സി.എം.ഡി പ്രതിനിധിയായ മിസ്സ് അരുണയേയും വകുപ്പ് പ്രതിനിധി ശ്രീമതി ബിന്ദു ഗോപിനാഥ് , അഡീഷണൽ ഡയറക്ടറേയും തിരുവനന്തപുരം ജില്ലാ വനിത ശിശു വികസന ഓഫീസർ ശ്രീമതി തസ്നീമിനേയും ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് ബന്ധപ്പെടാവുന്നതാണ്. ഇവരെ ബന്ധപ്പെടേണ്ട നമ്പർ

| ക്രമ നം. | സ്ഥാപനം | ബന്ധപ്പെടേണ്ട വ്യക്തികൾ | ബന്ധപ്പെടേണ്ട നം. |
|---|---|---|---|
| 1 | സി.എം.ഡി, തിരുവനന്തപുരം | മിസ്സ് അരുണ | 9496217597 |
| 2 | വനിത ശിശു വികസന വകുപ്പ് | ശ്രീമതി ബിന്ദു ഗോപിനാഥ് , അഡീഷണൽ ഡയറക്ടർ | 9447762463 |
| 3. | തിരുവനന്തപുരം ജില്ലാ വനിത ശിശു വികസന ഓഫീസർ | ശ്രീമതി തസ്നീം | 9895700126 |

9. കല്ലൂർ റെനീവൽ സെന്ററുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും സി.എം.ഡി പ്രതിനിധിയായ ഡോ. അനൂപയേയും വകുപ്പ് പ്രതിനിധിയായി ശ്രീമതി സുലക്ഷണ അസിസ്റ്റന്റ് ഡയറക്ടറേയും എറണാകുളം ജില്ലാ വനിത ശിശു വികസന ഓഫീസർ ഡോ.പ്രേമ്ന മനോജ് ശങ്കറിനേയും ബന്ധപ്പെടാവുന്നതാണ്

| ക്രമ നം. | സ്ഥാപനം | ബന്ധപ്പെടേണ്ട വ്യക്തികൾ | ബന്ധപ്പെടേണ്ട നം. |
|---|---|---|---|
| 1. | സി.എം.ഡി,എറണാകുളം | ഡോ. അനൂപ | 8547633848 |
| 2 | വനിത ശിശു വികസന വകുപ്പ് | ശ്രീമതി സുലക്ഷണ, അസിസ്റ്റന്റ് ഡയറക്ടർ | 9446453235 |
| 3. | എറണാകുളം ജില്ലാ വനിത ശിശു വികസന ഓഫീസർ | ഡോ.പ്രേമ്ന മനോജ് ശങ്കർ | 9447890661 |

10. എല്ലാ സിഡിപിഒമാരും ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന

ഓഫീസർമാരുടെ നിർദ്ദേശം പാലിച്ച് സ്കൂൾ കൗൺസിലർമാരെ ടി പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതാണ്.

ഈ സാഹചര്യത്തിൽ സാന്ത്വനം പദ്ധതി പിരശീലനം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ജില്ലാ വനിത ശിശു വികസന ഓഫീസർമാരും സിഡിപിഒമാരും വ്യക്തിപരമായ ശ്രദ്ധ ചെലുത്തി ക്രമീകരണം നടത്തേണ്ടതാണ്.

## അനുബന്ധം (എ)

| തിരുവനന്തപുരം ജില്ലയിലെ കോവളം അനിമേഷൻ സെന്റർ , പരിശീലന കേന്ദ്രത്തിൽ പരിശീലനത്തിനെത്തേണ്ട ജില്ലകൾ | | | | |
|---|---|---|---|---|
| ബാച്ച് നം. | പരിശീലനം ആരംഭിക്കുന്ന തീയതി, സമയം | പരിശീലനം അവസാനിക്കുന്ന തീയതി , സമയം | പരിശീലത്തിൽ പങ്കെടുക്കുവാൻ നിയോഗിക്കേണ്ടവരുടെ എണ്ണം | |
| | | | കോവളം അനിമേഷൻ സെന്റർ, തിരുവനന്തപുരം | ജില്ലകളിൽ നിന്നും നിയോഗക്കേണ്ട സ്കൂൾ കൗൺസിലേഴ്സിന്റെ എണ്ണം |
| 1 | 2023 ഏപ്രിൽ 17, രാവിലെ 9 മണി | 2023 ഏപ്രിൽ 19 വൈകുന്നേരം 5 മണി | കൊല്ലം | 70 |
| 3 | 2023 ഏപ്രിൽ 24, രാവിലെ 9 മണി | 2024 ഏപ്രിൽ 26 വൈകുന്നേരം 5 മണി | പത്തനംതിട്ട | 30 |
| | | | ആലപ്പുഴ | 40 |
| 5 | 2023 ഏപ്രിൽ 27, രാവിലെ 9 മണി | 2025 ഏപ്രിൽ 29 വൈകുന്നേരം 5 മണി | കോട്ടയം | 32 |
| | | | ഇടുക്കി | 40 |
| 7 | 2023 മേയ് 03, രാവിലെ 9 മണി | 2023 മേയ് 05, വൈകുന്നേരം 5 മണി | കാസർഗോഡ് | 41 |
| | | | കൊല്ലം | 15 |
| | | | ആലപ്പുഴ | 16 |
| 9 | 2023 മേയ് 08, രാവിലെ 9 മണി | 2023 മേയ് 10 വൈകുന്നേരം 5 മണി | കോട്ടയം | 20 |
| | | | ഇടുക്കി | 21 |
| | | | പത്തനംതിട്ട | 12 |
| | | | കാസർഗോഡ് | 17 |
| 11 | 2023 മേയ് 11, രാവിലെ 9 മണി | 2023 മേയ് 13 വൈകുന്നേരം 5 മണി | തിരുവനന്തപുരം | 70 |
| | 2023 മേയ് 15, | 2023 മേയ് 17 വൈകുന്നേരം | കോഴിക്കോട് | 9 |
| | | | മലപ്പുറം | 27 |

I/91177/2023

| | | | | |
|---|---|---|---|---|
| 14 | രാവിലെ 9 മണി | 5 മണി | കൊല്ലം | 2 |
| | | | പത്തനംതിട്ട | 2 |
| | | | കോട്ടയം | 4 |

## അനുബന്ധം (ബി)

**എറണാകുളം ജില്ലയിലെ റെനീവൽ സെന്റർ , കലൂർപരിശീലന കേന്ദ്രത്തിൽ പരിശീലനത്തിനെത്തേണ്ട ജില്ലകൾ**

| ബാച്ച് നം. | പരിശീലനം ആരംഭിക്കുന്ന തീയതി, സമയം | പരിശീലനം അവസാനിക്കുന്ന തീയതി , സമയം | പരിശീലത്തിൽ പങ്കെടുക്കുവാൻ നിയോഗിക്കേണ്ടവരുടെ എണ്ണം | |
|---|---|---|---|---|
| | | | റെനീവൽ സെന്റർ , കലൂർ, കൊച്ചി | ജില്ലകളിൽ നിന്നും നിയോഗക്കേണ്ട സ്കൂൾ കൗൺസിലേഴ്സിന്റെ എണ്ണം |
| 2 | 2023 ഏപ്രിൽ 17, രാവിലെ 9 മണി | 2023 ഏപ്രിൽ 19 വൈകുന്നേരം 5 മണി | എറണാകുളം | 30 |
| 2 | | | തൃശ്ശൂർ | 40 |
| 4 | 2023 ഏപ്രിൽ 24, രാവിലെ 9 മണി | 2023 ഏപ്രിൽ 26 വൈകുന്നേരം 5 മണി | പാലക്കാട് | 30 |
| 4 | | | മലപ്പുറം | 40 |
| 6 | 2023 ഏപ്രിൽ 27, രാവിലെ 9 മണി | 2023 ഏപ്രിൽ 29 വൈകുന്നേരം 5 മണി | കോഴിക്കോട് | 50 |
| 6 | | | വയനാട് | 20 |
| 8 | 2023 മേയ് 03, രാവിലെ 9 മണി | 2023 മേയ് 5 വൈകുന്നേരം 5 മണി | കണ്ണൂർ | 70 |
| 10 | 2023 മേയ് 08, രാവിലെ 9 മണി | 2023 മേയ് 10 വൈകുന്നേരം 5 മണി | തൃശ്ശൂർ | 30 |
| 10 | | | പാലക്കാട് | 40 |
| 12 | 2023 മേയ് 11, രാവിലെ 9 മണി | 2023 മേയ് 13 വൈകുന്നേരം 5 മണി | മലപ്പുറം | 20 |
| 12 | | | കോഴിക്കോട് | 16 |
| 12 | | | എറണാകുളം | 30 |
| 12 | | | തൃശ്ശൂർ | 4 |
| 14 | 2023 മേയ് 15, രാവിലെ 9 മണി | 2023 മേയ് 17 വൈകുന്നേരം 5 മണി | വയനാട് | 37 |
| 14 | | | എറണാകുളം | 7 |
| 14 | | | കണ്ണൂർ | 19 |
| 14 | | | കോഴിക്കോട് | 4 |
| 14 | | | പാലക്കാട് | 3 |

I/91177/2023

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

BINDU GOPINATH
for വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്
2. പ്രോഗ്രാം ഓഫീസർ -1, ഐസിഡിഎസ് എ സെൽ
3. എല്ലാ സിഡിപിഒമാർക്കും( ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേന)
4. എല്ലാ സ്കൂൾ കൗൺസിലർമാർക്കും(ഉചിത മാർഗ്ഗേണ)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്